LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

191 (483) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തി കഴിഞ്ഞ 5 വർഷമായി എത്രകോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനോടകം അനുമതി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രകോടി രൂപയുടെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാൻ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ 5 വർഷമായി 780.94 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു.

(ബി) ഇതിൽ 271.712 കോടി രൂപയുടെ പ്രവൃത്തികൾ ഇനിയും ആരംഭിക്കേണ്ടതുണ്ട്.

(സി) 6.155 കോടി രൂപയുടെ പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ നടപടികൾക്കും നെഗോഷിയേറ്റഡ് കോട്ടേഷൻ വ്യവസ്ഥയ്ക്കും വിധേയമാക്കിയിട്ടും യോഗ്യരായ കരാറുകാരെ ലഭിച്ചിരുന്നില്ല.

2008-ൽ സമർപ്പിച്ച 265.557 കോടി രൂപയുടെ പദ്ധതികൾക്ക് 21-9-2010-ന് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഭവനവായ്പാ തിരിച്ചടവിന് ഇളവുകൾ നൽകാൻ നടപടി

192 (484) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഡെവലപ്മെന്റ് അതോറിറ്റിയിൽനിന്നും എടുത്ത ഭവന വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വായ്പ എടുത്തവർക്ക് വർഷങ്ങളായി തുക തിരിച്ചടയ്ക്കാനുള്ള നിർദ്ദേശങ്ങൾ നൽകാത്തതുമൂലം വന്നിട്ടുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക ഈടാക്കി രേഖകൾ തിരിച്ചുനൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നിർത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾവഴിയായി ദുർബലവിഭാഗക്കാർക്ക് 1996-ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പ കുടിശ്ശിക മുതലും പലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിത്തള്ളി പണയാധാരങ്ങൾ തിരിച്ചുനൽകുന്നതിന് 21-11-2009-ലെ സ.ഉ.(എം.എസ്.) 222/09/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് 30-1-2010-ലെ സ.ഉ.(എം.എസ്.) നമ്പർ 22/10/ത.സ്വഭ.വ. നമ്പർ ഉത്തരവ് എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗത്തിൽപ്പെടുത്തി നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽനിന്നും ഭവന വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം വായ്പാ കുടിശ്ശിക തീർക്കുന്നതിന് പ്രത്യേക ആനുകൂല്യമെന്ന നിലയിൽ എൽ.ഐ.ജി. വിഭാഗത്തിൽപ്പെട്ടവർക്ക് പിഴപ്പലിശ പൂർണ്ണമായും ഇളവുചെയ്തുകൊണ്ടും എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗക്കാർക്ക് പിഴപ്പലിശയുടെ 50% ഇളവ് നൽകിക്കൊണ്ടും കുടിശ്ശിക തീർക്കുന്നതിന് 7-8-2010-ലെ സ.ഉ.(സാധാ) നമ്പർ 2614/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് മാത്രമേ പ്രാബല്യത്തിലുണ്ടായിരുന്നുള്ളു. ആയത് 6-11-2010-ൽ അവസാനിച്ചു എങ്കിലും കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കുവാനും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് കുടിശ്ശിക നിവാരണ പദ്ധതിയുടെ ആനുകൂല്യം കൂടുതലായി പ്രയോജനപ്പെടുത്തുവാനും പറ്റുന്നവിധത്തിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരം എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 3 മാസത്തേക്കുകൂടി (7-11-2010 മുതൽ 6-2-2011 വരെ) ദീർഘിപ്പിച്ചുകൊണ്ട് 6-11-2010-ലെ സ.ഉ.(സാധാ) നമ്പർ 3493/10/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികൾക്ക് ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ പ്രചാരണം നൽകി കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കുന്നതിനും എല്ലാ കുടിശ്ശികക്കാരെയും രേഖാമൂലം വിവരം അറിയിക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

വായ്പ തിരിച്ചടയ്ക്കാൻ സൗകര്യം ഏർപ്പെടുത്താൻ നടപടി

193 (485) ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡവലപ്മെന്റ് അതോറിറ്റിയിൽനിന്നും വായ്പ എടുത്തവർക്ക് വായ്പ തിരിച്ച് അടയ്ക്കാൻവേണ്ടി നിയോഗിച്ചിരിക്കുന്ന സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ;

(ബി) കോട്ടയം നിയമസഭാ മണ്ഡലത്തിൽ ഇത്തരത്തിൽപ്പെട്ട എത്ര കുടിശ്ശികക്കാർ ഉണ്ട്; അവരുടെ മേൽവിലാസം, അടവ് തുക എന്നിവയുടെ വിവരം നൽകുമോ?